

# ദുഃഖവെള്ളി

“എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അങ്ങയെ ഞാൻ മഹത്വപ്പെടുത്തി” (യോഹ 17:4). “പിതാവേ, അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു” എന്ന് പറഞ്ഞു ആത്മസംതൃപ്തിയോടെ ഈശോ ജീവൻ വെടിഞ്ഞ ദിനത്തിന്റെ ഓർമ്മ നാമിന്നാചരിക്കുകയാണ്. ദൈവഹിതത്തോടുള്ള അനുസരണത്തോടെ രക്ഷാകരപദ്ധതിയെ മുന്നോട്ട് കൊണ്ടുപോകാൻ തങ്ങളുടെ ജീവിതം അടിയറവുവച്ച ധാരാളം ദൈവമനുഷ്യരെ വി.ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നു. അവരിൽ തിളങ്ങുന്ന ശോഭയോടെ പ്രശോഭിക്കുന്നത് ഈശോ തന്നെ. രണ്ടാം സ്ഥാനത്ത് നില്ക്കുന്നത് നമ്മുടെ അമ്മയായ പരിശുദ്ധ കന്യാമറിയമാണ്. എല്ലാം പൂർണ്ണമായി മനസ്സിലാക്കാൻ ശിഷ്യഗണത്തിനു സാധിച്ചിരുന്നില്ല (ലൂക്ക 1:38). അനുസരിക്കാനുള്ള ബുദ്ധിമുട്ടുകളും അവർക്കുണ്ടായിരുന്നു (ലൂക്ക 22:42). എങ്കിലും ദൈവിക പദ്ധതികൾക്കുമുമ്പിൽ അവരെല്ലാം അടിയറവ് വച്ചപ്പോൾ ദൈവത്തിന് മഹത്വവും മനുഷ്യർക്ക് സമാധാനവും കരഗതമായി. നമുക്ക് ഉൾക്കൊള്ളാൻ കഴിയാത്തതും സ്വീകരിക്കുവാൻ ബുദ്ധിമുട്ടുള്ളതുമായവയെ ദൈവഹിതമായി കണ്ട് സ്വീകരിക്കുന്നതാണ് ആത്മീയത. ജീവിക്കാതെ പ്രസംഗിക്കുന്ന ഏതൊരു ആദർശവും സ്വാർത്ഥതയുടെ മുഖംമൂടി അണിഞ്ഞവയാണ്. ‘വിശ്വാസം’ അന്ധകാരത്തിലേക്കുള്ള എടുത്തുചാട്ടമാണ്; അതു തന്നെയാണ് ആത്മീയതയുമെന്ന് ദുഃഖവെള്ളി ഓർമിപ്പിക്കുന്നു.

**തയ്യാറാക്കിയത്,**
**ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS**
**15-04-2022**

**സീറോ മലബാർ ആരാധന ക്രമകമ്മീഷൻ**
**മൗണ്ട് സെന്റ് തോമസ്, കാക്കനാട്**
**Read more: wwwsyromalabarliturgy.org**